വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങൾ

140 [1718] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

" കെ. സി. ജോസഫ്:

" പി. ജെ. ജോയി:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങളുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരം കേന്ദ്രങ്ങളിൽ ചികിത്സ നടത്തുന്നവർ ഈ ചികിത്സാ രീതിയിൽ അഭ്യസനം സിദ്ധിച്ചിട്ടുള്ളവരാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ ചികിത്സാ രീതിയിൽ അഭ്യസനം സിദ്ധിച്ചിട്ടുള്ളവർ കേരളത്തിൽ എത്ര പേർ ഉണ്ട്;

(ഡി) ഇത്തരം ചികിത്സ നടത്തുന്ന കേന്ദ്രങ്ങളുടെ മേൽ ഗവൺമെന്റിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(ഇ) ചികിത്സയ്ക്കു വിധേയരാകുന്ന ദമ്പതികളുടെ അറിവോ സമ്മതമോ കൂടാതെ അന്യരുടെ അണ്ഡം, ബീജം, ഭ്രൂണം എന്നിവ ഉപയോഗിച്ച് ഈ കേന്ദ്രങ്ങളിൽ ഗർഭധാരണം നടത്തിക്കുന്നതിനെപ്പറ്റി പരാതി ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സ്വകാര്യമേഖലയിലാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) പൂർണ്ണ പ്രവർത്തനക്ഷമതയുള്ള വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ സ്വകാര്യ സ്ഥാപനങ്ങൾ ആയതിനാൽ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. മെഡിക്കൽ കോളേജിലെ വന്ധ്യതാ ക്ലിനിക്കുകളിൽ പരിശീലനം സിദ്ധിച്ചവരാണ് ഉള്ളത്.

(സി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) ഇപ്പോൾ ഇതിനായി പ്രത്യേക നിയമങ്ങളൊന്നും നിലവിലില്ല.

(ഇ) ഒരു പരാതി ലഭിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly